I ഇ.ബി. XIII-കേരള നിയമസഭ/XII-3

# പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# **നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 3, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## **അടിയന്തരപ്രമേയം**

### **ബാർ ലൈസൻസ് നൽകിയതിലെ അപാകത**

മി. ഡെപ്യൂട്ടി സ്പീക്കർ: സർക്കാരിന്റെ മദ്യനയത്തിൽ ഫോർ സ്റ്റാർ ഹെറിറ്റേജ് ഹോട്ടലുകളെ ഒഴിവാക്കിയ വ്യവസ്ഥ റദ്ദ് ചെയ്തുകൊണ്ടുള്ള വിധിക്കുപിന്നാലെ അടുത്തിടെ 10 ബാറുകൾക്കും ഇന്നലെ 22 ബാറുകൾക്കും കൂടി പ്രവർത്തനാനുമതി നൽകാൻ കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചത്

പഴുതുകളില്ലാതെ സർക്കാർ നിലപാട് കോടതിയിൽ ഉന്നയിക്കുന്നതിൽ പരാജയപ്പെട്ടതുമൂലമാണെന്നും അതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക്, സർവ്വശ്രീ മുല്ലക്കര രത്നാകരൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയുണ്ടാക്കിയ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് രൂപം നൽകിയ മദ്യനയപ്രകാരം ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചു. മദ്യനയവുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ കോടതിയിൽ വന്നിട്ടുണ്ടെങ്കിലും ഒരു ജുഡീഷ്യൽ ഫൈനാലിറ്റിയുണ്ടായിട്ടില്ല. സർക്കാർ അപ്പീൽ നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടില്ല. നയം ആവിഷ്ക്കരിക്കാനുള്ള ഗവൺമെന്റിന്റെ അവകാശത്തെയാണ് കോടതി പലപ്പോഴും ചോദ്യം ചെയ്യുന്നത് എന്നുള്ളത് അങ്ങേയറ്റം നിർഭാഗ്യകരമാണ്.

ഡോ. ടി. എം. തോമസ് ഐസക്: നയരൂപീകരണത്തിനുള്ള സർക്കാരിന്റെ അവകാശത്തെ കോടതി ചോദ്യം ചെയ്തിട്ടില്ല. ഫോർ സ്റ്റാർ

ബാർ ലൈസൻസിന് അപേക്ഷിക്കുന്ന എല്ലാവർക്കും ലൈസൻസ് അനുവദിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണെന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ കൊടുക്കുന്നതിൽ ഗവൺമെന്റ് കാലതാമസം വരുത്തി. അടച്ചുപൂട്ടിയ 418 ബാർ ഹോട്ടലുകൾക്കും ബിയർ-വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചർച്ച ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ബാർ വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യത്തിലും അഴിമതി നടമാടുകയാണ്. അതിനാൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ കൊടുക്കാൻ കാലതാമസമുണ്ടായെന്ന പരാമർശം തെറ്റാണ്. കേരളത്തിലെ ബാർ ലോബിയുമായി ഒരു ഘട്ടത്തിലും ഗവൺമെന്റ് ഒത്തുകളി നടത്തിയിട്ടില്ല. ത്രീ സ്റ്റാർ/ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് അനുവദിക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഭാഗികമായി ഗവൺമെന്റിന് അനുകൂലമായ വിധിയാണ് വന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 66 ബാർ ഹോട്ടലുകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 22 ബാർ ഹോട്ടലുകൾക്കുകൂടി

ലൈസൻസ് നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ കൊടുക്കുന്ന കാര്യം ഗവൺമെന്റ് വിശദമായി പരിശോധിക്കും. 30-10-2014-ലെ ഹൈക്കോടതി വിധിക്കെതിരായ ഗവൺമെന്റിന്റെ അപ്പീൽ കോടതി ഇന്ന് പരിഗണിക്കുകയാണ്. അടച്ചുപൂട്ടിയ 418 ബാർ ഹോട്ടലുകൾക്കും ബിയർ-വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചർച്ച ഗവൺമെന്റ് നടത്തുകയാണെന്ന വാദം തെറ്റാണ്. ബിയർ-വൈൻ പാർലർ ലൈസൻസിന്റെ കാര്യത്തിൽ നയപരമായ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായം ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ്. ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നിഷേധിക്കാൻ സർക്കാരിന് അധികാരമുണ്ട്. കേന്ദ്രസർക്കാരിന്റെ നയമനുസരിച്ച് ടൂറിസം വ്യവസായത്തെ ബാധിക്കാത്ത തരത്തിലാണ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാൻ തീരുമാനിച്ചത്. ഹൈക്കോടതി സിംഗിൾ ബഞ്ച് ഡിവിഷന്റെ വിധി അന്തിമമല്ല. ബാറുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല. നിയമ പോരാട്ടത്തിലൂടെ ഗവൺമെന്റ് നയം അംഗീകരിപ്പിച്ചെടുക്കാനുള്ള ശ്രമം നടത്തുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2011-ൽ ഈ സർക്കാർ ആവിഷ്കരിച്ച നയത്തിന്റെ ഭാഗമായാണ് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് 31.03.2012 വരെയും ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് 31.03.2013 വരെയും ബാർ ലൈസൻസ് നൽകിയത്. ഇപ്പോഴത്തെ മദ്യനയവുമായി അത് ബന്ധപ്പെടുത്തിയിട്ടില്ല. സ്റ്റാർ ഹോട്ടലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സ്ഥാപിക്കുകയില്ലെന്ന് തീരുമാനിക്കുകയും മദ്യഷാപ്പുകൾ അനുവദിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുകയും ബാറുകളുടെ പ്രവൃത്തി സമയം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ നിയമസാധുത പരിശോധിച്ചിട്ടുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലുകളിന്മേൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. ത്രീ/ഫോർ സ്റ്റാർ ഹോട്ടലുകൾ നിയന്ത്രിക്കാനുള്ള തീരുമാനത്തിനെതിരെ ഉണ്ടായിട്ടുള്ള കോടതി വിധിക്കെതിരെ അപ്പീലിനു പോകുകയും സർക്കാർ നിലപാടിൽ ഉറച്ചുനിൽക്കുകയും ചെയ്യും. മുൻസർക്കാർ റഗുലറൈസ് ചെയ്ത 418 ബാറുകൾക്ക് നിലവാരമില്ലെന്നാണ് സി ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കാലാകാലങ്ങളായി തുടർന്നുവരുന്ന മദ്യനയമാണ് സർക്കാരിനുള്ളത്. ദേശീയപാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ബിവറേജസ്

കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ പൂട്ടണമെന്ന കോടതി നിർദ്ദേശത്തെ ഗൗരവമായി കാണുന്നതോടൊപ്പം ഈ മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നയങ്ങളുമായി സർക്കാർ മുന്നോട്ടുപോകും.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) റബ്ബറിന്റെ വിലയിടിവ്

ശ്രീ. മോൻസ് ജോസഫ് : റബ്ബറിന്റെ വിലയിടിവുമൂലം സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണം. സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷത്തിന്

പ്രധാന കാരണം കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയമാണ്. റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നതിനും കേന്ദ്ര വില സ്ഥിരതാ ഫണ്ടായ 1000 കോടി രൂപയിൽനിന്ന് 500 കോടി രൂപയെങ്കിലും കേരളത്തിന് ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ശക്തമായ ഇടപെടൽ നടത്തണം. ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തുക വകയിരുത്തി റബ്ബർ സംഭരണം ഫലപ്രദമാക്കുന്നതിനും റബ്ബർ സംഭരണ ഏജൻസികൾക്ക് ഹാന്റ്ലിംഗ് ചാർജ് അടക്കമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും ആർ.പി.എസ്.-കൾ വഴി റബ്ബർ സംഭരിക്കുന്നതിനും സംഭരിച്ച റബ്ബർ സ്റ്റോക്ക് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. റബ്ബർ സംഭരണത്തിനുള്ള ഫണ്ട് റിലീസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണം. റബ്ബർ സംഭരണം ഫലപ്രദമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണം. ഈ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ അടിയന്തര യോഗം കൂട്ടുന്നതിനും മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ് എന്നിവരുൾപ്പെടുന്ന പ്രതിനിധി സംഘം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് റബ്ബർ കർഷകർ നേരിടുന്ന ഗുരുതരാവസ്ഥ

ബോധ്യപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നവിധത്തിൽ ദേശീയ റബ്ബർ നയത്തിലേയ്ക്കുള്ള പ്രൊപ്പോസൽ നൽകാൻ തയ്യാറാകണം. കേരളത്തിലെ റബ്ബർ കർഷകരുടെ സർവ്വേ നടത്തി റബ്ബറിന്റെ ഉല്പാദനത്തെ സംബന്ധിച്ച കൃത്യമായ കണക്ക് നൽകാനുള്ള ശ്രമം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അന്തർദ്ദേശീയ മാർക്കറ്റിലെ വിലയിടിവാണ് റബ്ബറിന്റെ വിലയിടിവിന് പ്രധാന കാരണം. അന്തർദ്ദേശീയ മാർക്കറ്റിൽ റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംഭരണത്തിലൂടെ വില പിടിച്ചുനിർത്താൻ സാധിക്കില്ല. കർഷകർക്ക് ന്യായവും തൃപ്തികരവുമായ വില നിലനിർത്തുന്നതിനായി റബ്ബർ ബോർഡ് ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളുമായി സർക്കാർ ഒരുവട്ടം ചർച്ച നടത്തുകയുണ്ടായി. രണ്ടാംവട്ട ചർച്ച ഇന്ന് (03.12.2014) ഉച്ചയ്ക്കുശേഷം 1.00 മണിക്ക് നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുന്നതാണ്. കർഷകർക്ക് തൃപ്തികരമായ നിലയിൽ റബ്ബറിന് വില ലഭിക്കുന്നതിനുവേണ്ടി ഏത് ത്യാഗത്തിനും സംസ്ഥാന സർക്കാർ തയ്യാറാണ്. കേരളത്തിൽ റബ്ബറിന്റെ ഉൽപ്പാദനവും ഉപയോഗവും തമ്മിൽ വലിയ അന്തരമുണ്ടെന്ന കേന്ദ്ര സർക്കാരിന്റെ കണക്ക് നിലനിൽക്കുന്നിടത്തോളംകാലം റബ്ബറിന്റെ ഇറക്കുമതി

നിരോധിക്കുന്നതിന് അവർ തയ്യാറാകില്ല. റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് മുമ്പാകെ ഉന്നയിക്കുന്നതാണ്. റബ്ബറിന്റെ വിലയിടിവ് സംബന്ധിച്ച പ്രശ്നം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തുവെങ്കിലും വീണ്ടും ഇക്കാര്യം ഉന്നയിക്കുന്നതാണ്. മിനിമം വില കർഷകന് ലഭിക്കുന്നതിനുവേണ്ട ശ്രമങ്ങൾ ഗവൺമെന്റ് നടത്തും. സംഭരിച്ചുവയ്ക്കാവുന്ന റബ്ബറിന്റെ ക്വാണ്ടിറ്റിയും അതിനുവേണ്ടി വരുന്ന ചെലവും എത്രയാണെന്ന് പരിശോധിക്കണം. ഉല്പാദകരിൽനിന്നും വാങ്ങുന്ന റബ്ബർ സൂക്ഷിച്ചുവയ്ക്കാൻ പര്യാപ്തമായ സംവിധാനമില്ലാത്തതും മാർക്കറ്റിൽ ഒരു ഇംപാക്ട് ഉണ്ടാക്കിയെടുക്കാൻ സാധിക്കാത്തതുമാണ് ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളി. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ ഒരു ഭാഗം മാത്രമാണ് ഇവിടത്തെ വ്യവസായികൾ ഉപയോഗിക്കുന്നത്. റബ്ബർ ബോർഡിന്റെ വിലയിരുത്തലിനേക്കാൾ വലിയ അന്തരമായാണ് ഉല്പാദനവും ഉപഭോഗവും കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചിരിക്കുന്നത്. ഇത് ഒഴിവാക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുന്നതാണ്. റബ്ബർ ബോർഡും റബ്ബർ കർഷകരുമായി ചർച്ച നടത്തി അവരുടെ നിർദ്ദേശവും റീ-പ്ലാന്റേഷന്

വേണ്ടിയുള്ള ആകർഷകമായ സ്പെഷ്യൽ പാക്കേജും കേന്ദ്ര റബ്ബർ നയത്തിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സമർപ്പിക്കുന്നതാണ്.

## (2) മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: മത്സ്യബന്ധന ആവശ്യത്തിനായി സബ്സിഡി നിരക്കിൽ മതിയായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കാനും എഞ്ചിനുകളുടെ വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കാനും മത്സ്യത്തിന് ന്യായമായ വില ലഭ്യമാക്കാനും പിടിച്ചെടുക്കുന്ന മത്സ്യം മത്സ്യഫെഡ് വഴി സംഭരിക്കാനും നടപടി സ്വീകരിക്കണം. സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരമുള്ള നിയന്ത്രണങ്ങൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ബാധകമാകാതിരിക്കാനും ഭവന നിർമ്മാണം സാധ്യമാകുന്ന വിധത്തിൽ വ്യവസ്ഥയിൽ ഇളവു വരുത്താനും കഴിയണം. കായൽ കയ്യേറ്റം തടയുന്നതിനായി കായൽ ഭിത്തി നിർമ്മിക്കണം. തങ്കശ്ശേരി ഉൾപ്പെടെയുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനുമാവശ്യമായ സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സന്നദ്ധമാകണം. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാതിരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം

ചെലുത്തണം. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുന്നതിനും മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന സ്ഥലങ്ങളിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് സർക്കാർ വെട്ടിക്കുറച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള സ്ഥലങ്ങളിൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ബങ്കുകൾ സ്ഥാപിക്കുന്നതോടുകൂടി ഓയിൽ കമ്പനിയിൽനിന്നും നേരിട്ട് മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. 9 ജില്ലകളിലായി 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനുവേണ്ടി രൂപീകരിച്ച മത്സ്യഫെഡ് മുഖേന മത്സ്യം സംഭരിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുകയും ചെയ്യുന്നുണ്ട്. സഹകരണ സംഘം വഴിയുള്ള മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായുള്ള ഉൽപ്പാദന ബോണസ് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ

പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. തീരദേശ പരിപാലന നിയമംമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനും മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര വിഹിതം പുന:സ്ഥാപിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകുകയും പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കണമെന്ന് എം.പി.മാരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ എഞ്ചിൻ വെരിഫിക്കേഷൻ 28.12.2014-ന് നടത്തുന്നതാണ്.

## സബ്മിഷൻ

### (1) അനധികൃത പാറ ഖനനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : അനധികൃത പാറ ഖനനം മൂലം ഉളവായിട്ടുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പൊല്യൂഷൻ കൺട്രോൾ ബോർഡ്, റവന്യൂ ഫയർ & റസ്ക്യൂ, പഞ്ചായത്ത്, പരിസ്ഥിതി വകുപ്പ് തുടങ്ങിയ

വകുപ്പുകളുടെ ക്ലിയറൻസും ഉൾപ്പെടെ 6 ലൈസൻസുകൾ ഉണ്ടെങ്കിൽ മാത്രമേ ക്വാറി നടത്താനുള്ള അനുവാദമുള്ളൂ. മൂക്കന്നി മലയിൽ റബർ കൃഷി നടത്താൻ പതിച്ചുകൊടുത്ത സ്ഥലത്ത് ഇപ്പോൾ 17 പെർമിറ്റഡ് ക്വാറികളും മറ്റ് അനധികൃത ക്വാറികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ക്വാറികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാറ ഖനനം നടത്തേണ്ട സാഹചര്യവും നിലവിലുണ്ട്. ഗ്രീൻ ട്രൈബ്യൂണലിന്റെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് നിയമപരമായി ഇക്കാര്യത്തിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## (2) എൻ.സി.എ. നിയമനം

ശ്രീ. പി. ഉബൈദുള്ള: പി.എസ്.സി. മുഖേനയുള്ള എൻ.സി.എ. നിയമനം വൈകുന്നതുമൂലം പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടന വിഭാവന ചെയ്യുന്ന ഉദ്യോഗപ്രാതിനിധ്യം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2007 മുതൽ 2014 ഒക്ടോബർ വരെ 1754 എൻ. സി. എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ടെന്നാണ് പി. എസ്. സി. അറിയിച്ചിരിക്കുന്നത്. എൻ. സി. എ. ഒഴിവുകളിലേയ്ക്ക് രണ്ടുപ്രാവശ്യത്തിൽ

കുറയാതെ പുനർവിജ്ഞാപനം നടത്തിയിട്ടും നിശ്ചിത സമുദായത്തിലെ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കെ.എസ്. &എസ്. എസ്. ആർ-ൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമവകുപ്പ് സൂക്ഷ്മപരിശോധന നടത്തിയശേഷം പി.എസ്.സി.യുടെ പരിഗണനയ്ക്ക് നൽകിയിരിക്കുകയാണ്. പി.എസ്.സി.-യിൽ നിന്ന് മറുപടി ലഭിച്ചാലുടൻ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കും.

## (3) ഗ്രാമീണ റോഡുകളുടെ നിർമ്മാണം

ശ്രീമതി അയിഷാ പോറ്റി: ആസ്തി വികസന ഫണ്ടുപയോഗിച്ച് പുനരുദ്ധരിക്കുന്നതിനായി ഭരണാനുമതി ലഭിച്ച കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തിരുന്നത് പൊതുമരാമത്ത് വകുപ്പായിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തികൾ

എൽ.എസ്.ജി.ഡി.യിലേക്ക് മാറ്റിയെങ്കിലും എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം കാരണം പൊതുമരാമത്ത് വകുപ്പുതന്നെ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി മന്ത്രിതല സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്. കൊട്ടാരക്കര മണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ ഫണ്ട് അലോട്ട്മെന്റിൽ വന്നിട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (4) <u>ആസ്തി വികസന പദ്ധതിയിൽപ്പെടുത്താവുന്ന പദ്ധതികളുടെ എണ്ണം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ അടങ്കൽ തുകയ്ക്ക് ഓരോ വർഷവും ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം പരിധിയില്ലാതെ വർദ്ധിപ്പിക്കുന്നതിനും എം.എൽ.എ.മാരുടെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>): എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി ഉപയോഗിച്ച്

ചെറിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. 10 ലക്ഷത്തിന്റെ അടങ്കൽ തുകയ്ക്ക് ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം പരിധിയില്ലാതെ വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 10 ലക്ഷത്തിന്റെ രണ്ട് ജോലികൾ എന്നുള്ളത് 5 ആയി ഉയർത്താനും പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (5) കുറുന്തോട്ടയം പാലം നിർമ്മാണം

ശ്രീ. ചിറ്റയം ഗോപകുമാർ: എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പന്തളം കുറുന്തോട്ടയം പാലത്തിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പന്തളം ജംഗ്ഷനിലെ കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള അംഗീകാരം ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്.

## (6) പി. മുരളിയുടെ കൊലപാതകം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ കുമ്പള ശാന്തിപ്പള്ളത്തെ ഡിവൈ.എഫ്.ഐ. പ്രവർത്തകനായ പി. മുരളിയുടെ കൊലപാതകികളെ അറസ്റ്റ് ചെയ്യുന്നതിനും കൊലപാതക ഗൂഢാലോചനയിൽ

പങ്കെടുത്തവരെ പ്രതിയാക്കി കേസ് എടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കുമ്പള ശാന്തിപ്പള്ളത്തെ ഡിവൈ.എഫ്.ഐ. പ്രവർത്തകനായ പി. മുരളിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ശരത്‌രാജ്, നിഥിൻകുമാർ, വരദരാജ്, ദിനേശ് ആചാർ എന്നിവരെ പ്രതികളാക്കി ഒരു കേസ് രജിസ്റ്റർ ചെയ്ത് കുമ്പള പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും 30.10.2014, 02.11.2014 എന്നീ തിയതികളിൽ നാല് പ്രതികളേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്നുള്ള അന്വേഷണത്തിൽ നിഥിൻരാജ്, കിരൺകുമാർ, മഹേഷ്, അജിത്‌കുമാർ എന്നിവർ കുറ്റകൃത്യത്തിന് സഹായികളായി പ്രവർത്തിച്ചു എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 11.11.2014-ന് ഇവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ശ്രീ. പി. കരുണാകരൻ എം.പി. ഉൾപ്പെടെയുള്ള നിവേദക സംഘത്തിന്റേയും ബന്ധുക്കളുടേയും അഭ്യർത്ഥന പ്രകാരം ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് കിട്ടിയശേഷം ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (7) നെല്ല് സംഭരണ വില കുടിശ്ശിക

ശ്രീ. ഷാഫി പറമ്പിൽ: റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള ഏതെങ്കിലും സംവിധാനമുപയോഗിച്ച് നെല്ലിന്റെ സംഭരണവില കുടിശ്ശിക ഉൾപ്പെടെ കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നാളിതുവരെ സംസ്ഥാനത്ത് 1.28 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച ഇനത്തിൽ കൊടുക്കാനുള്ള 243.56 കോടി രൂപയിൽ 190.72 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽനിന്ന് സംഭരിച്ച 82000 മെട്രിക് ടൺ നെല്ലിന്റെ വിലയായ 155.72 കോടി രൂപയിൽ 140.25 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 15.46 കോടി രൂപ ഇനി കർഷകർക്ക് നൽകാൻ കുടിശ്ശികയുണ്ട്. 2014 നവംബർ 6 വരെ നൽകിയ പി.ആർ. ഷീറ്റുകളുടെ തുക കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞു. പി.ആർ.ഷീറ്റ് തയ്യാറാകുന്ന മുറയ്ക്ക് കർഷകർക്ക് പണം കൊടുക്കണമെന്ന രീതിയിലാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചത്. കർഷകരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി കൂടുതൽ ലോൺ എടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനായി സപ്ലൈകോ-യ്ക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. നെല്ലിന് ഏറ്റവും കൂടിയ സംഭരണത്തുകയാണ് ഇപ്പോൾ കേരളം കൊടുക്കുന്നത്. കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറച്ച് എത്രയും പെട്ടെന്ന് കുടിശ്ശിക തുക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) നിരാഹാര സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ ലോ കോളേജ് വിദ്യാർത്ഥികൾ നടത്തിവന്ന നിരാഹാര സമരവുമായി ബന്ധപ്പെട്ട് നൽകിയ ഉറപ്പുകൾ പാലിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): തൃശ്ശൂർ ലോ കോളേജിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു. നടത്തിവന്ന അനിശ്ചിതകാല നിരാഹാര സമരം ജില്ലാ അധികൃതരുമായി നടത്തിയ ചർച്ചയെ തുടർന്ന് പിൻവലിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## (9) പട്ടയഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

ശ്രീ. എം. പി. വിൻസെന്റ്: പട്ടയഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് തടസ്സമായി നിൽക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കി അനുമതി

നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മുൻകൂർ അനുമതിവാങ്ങാതെ പട്ടയഭൂമിയിൽ നിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## (10) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷണം

ശ്രീ. കെ. വി. വിജയദാസ്: കാട്ടാനകളുടെയും കാട്ടുമൃഗങ്ങളുടെയും ആക്രമണങ്ങളിൽ പൊറുതിമുട്ടുന്ന പാലക്കാട് ജില്ലയിലെ കോങ്ങാട്, മണ്ണാർകാട്, മലമ്പുഴ, നെന്മാറ നിയോജക മണ്ഡലങ്ങളിലെ വനമേഖലയിലെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനും കൃഷിനാശത്തിനും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വനമേഖലയിലുള്ള കൃഷിക്കാരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 620 കിലോമീറ്റർ വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ, കരിങ്കൽ മതിലുകൾ,

റെയിൽപാളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വേലികൾ, സൗരോർജ്ജ വേലികൾ, ജൈവവേലികൾ എന്നിവ അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് 259 കോടി രൂപയുടെ കൃഷിരക്ഷാ പദ്ധതിക്ക് വനംവകുപ്പ് ഭരണാനുമതി നൽകുകയും കാട്ടുപന്നികളെ സ്വന്തം കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വേട്ടയാടുന്നതിനുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം വീട്, കന്നുകാലി എന്നിവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനും പരുക്കേൽക്കുന്ന ആദിവാസി ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സ പൂർണ്ണമായി സൗജന്യമായി നൽകുന്നതിനും മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക അഞ്ചു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വന്യജീവി ആക്രമണം നേരിടുന്നതിന് എട്ട് റാപ്പിഡ് റെസ്പോൺസ് ഫോഴ്സുകൾ മണ്ണാർക്കാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായി അനുഭവപ്പെടുന്ന മണ്ണാർക്കാട് റെയിഞ്ചിലെ വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്.

## (11) കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. രാജു: വനം വകുപ്പിന് പകരം ഭൂമി നൽകികൊണ്ട് പുനലൂർ താലൂക്കിലെ തിങ്കൾകരിക്കം വില്ലേജിലെ സാംനഗർ നിവാസികളുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ തെന്മല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ നിന്നും പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിലെ സാംനഗർ കോളനിയിൽ പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ റവന്യൂ ഭൂമി കണ്ടെത്തി പകരമായി വനം വകുപ്പിന് കൈമാറുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം കണ്ടെത്തിയ ഭൂമി പരിഹാര വനവൽക്കരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാംനഗർ നിവാസികൾക്ക് പട്ടയം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (12) ഏറനാടൻ ചെട്ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി

വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): വയനാട് ജില്ലയിലെ ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി വിഭാഗങ്ങൾ ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള വിഭ്യാഭ്യാസാനുകൂല്യത്തിന് അർഹതപ്പെട്ട വിഭാഗമാണോ എന്ന് പരിശോധിക്കുന്നതിന് പിന്നോക്കക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (13) പന്തളം-കാരയ്ക്കാട് ഭാഗത്തുണ്ടാകുന്ന അപകടം ഒഴിവാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: എം.സി. റോഡിലെ പന്തളം-കാരയ്ക്കാട് ഭാഗത്ത് അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.യു.ഡി.പി. II പദ്ധതിയുടെ തുക ഉപയോഗിച്ച് കെ.എസ്.യു.ഡി.പി. I നിർമ്മാണം പൂർത്തിയാക്കിയ 150 കി. മീ. റോഡുകൾ ബി.സി. ഓവർലേ ചെയ്ത് പരിപാലിക്കുന്നതിന് ലോകബാങ്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ എം.സി. റോഡിലെ പന്തളം-കാരയ്ക്കാട് ഭാഗവും

ഉൾപ്പെടുന്നുണ്ട്. ഡി.പി.ആർ. ലഭ്യമായാൽ ലോകബാങ്കിന്റെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതും ആവശ്യമായ റോഡുസുരക്ഷാ ക്രമീകരണങ്ങൾ ചെയ്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

## (14) കരമന-കളിയിക്കാവിള റോഡുവികസനം

ശ്രീ. ആർ. സെൽവരാജ്: കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയും വഴിമുക്ക് മുതൽ കളിയിക്കാവിളവരെയും ഭൂമിയേറ്റെടുക്കലിനും നിർമ്മാണ പ്രവൃത്തികൾക്കുമാവശ്യമായ തുക വകയിരുത്തി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കരമന-കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരിപാതയായി രണ്ട് ഘട്ടമമായി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിന്റെ ആദ്യ റീച്ചായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ദൂരം നാലുവരിപാതയായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കലിനും നിർമ്മാണ

പ്രവർത്തനത്തിനും ആവശ്യമായ തുക അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിളവരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

## (15) അവയവദാന രംഗത്തെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. എം. ഉമ്മർ: അവയവദാനരംഗത്തെ നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും എത്തിക്കൽ കമ്മിറ്റിയുടെ തീരുമാനമെടുക്കുന്നതിലെ കാലതാമസവും കാരണം രോഗികൾ മരണപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ചാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയ നടക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല ഓതറൈസേഷൻ കമ്മിറ്റിയും സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് പ്രാദേശികതലത്തിൽ ജില്ലാതല ആതറൈസേഷൻ കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. ദാതാവിന്റെയും

സ്വീകർത്താവിന്റെയും ആരോഗ്യസ്ഥിതിയും അവയവം നൽകാനും സ്വീകരിക്കാനുമുണ്ടായ കാരണവും പരിശോധിച്ച് കച്ചവട സാധ്യത ഇല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമാണ് സമിതി അവയവദാനത്തിന് അനുമതി നൽകുന്നത്. ഇതു സംബന്ധിച്ച നിയമങ്ങളിൽ ഇളവു നൽകുന്നതിനുള്ള അധികാരം പ്രസ്തുത നിയമം പാസ്സാക്കിയ പാർലമെന്റിൽ നിക്ഷിപ്തമാണ്. അവയവദാനത്തിനുള്ള അപേക്ഷ ലഭിച്ചാൽ അടിയന്തരമായി ആതറൈസേഷൻ കമ്മിറ്റികൂടി തീരുമാനമെടുക്കണമെന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

**പ്രമേയം**

**സ്പീക്കേഴ്സ് ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കിയത് സംബന്ധിച്ച്**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ന് ചോദ്യോത്തര സമയത്ത് സ്പീക്കേഴ്സ് ഗ്യാലറിയിൽ നിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്ത കെ. സതീശനെ വാച്ച് ആന്റ് വാർഡ് കസ്റ്റഡിയിലെടുക്കുകയും ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ കക്ഷി നേതാക്കന്മാരുടെ യോഗം ചേർന്ന് ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. സഭാനടപടികൾ അലങ്കോല പ്പെടുത്തുകയും സഭയെ അവഹേളിക്കുകയും സഭയുടെ പ്രത്യേക

അവകാശങ്ങളുടെ ലംഘനവും നടത്തിയിട്ടുള്ളത് ഗുരുതരമായ കുറ്റമായതിനാൽ ടി കുറ്റം ചെയ്ത സതീശനെ ഇന്ന് സഭ പിരിയുന്നതുവരെ വെറും തടവിന് ശിക്ഷിക്കാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**റൂളിംഗ്**

**സ്പീക്കേഴ്സ് ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കിയതു സംബന്ധിച്ചും സി.ഡി.പരിശോധന സംബന്ധിച്ചും**

മി. ഡെപ്യൂട്ടി സ്പീക്കർ: ഗ്യാലറിയിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുന്നതിനുള്ള ശ്രമം 1995-ന് ശേഷം ആദ്യമായിട്ടാണുണ്ടാകുന്നത്. സന്ദർശക ഗ്യാലറി പ്രതിഷേധത്തിനുള്ള വേദിയാക്കുന്നത് ഒരുതരത്തിലും ന്യായീകരിക്കുവാൻ കഴിയുകയില്ല. ബഹു. അംഗങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സന്ദർശക ഗ്യാലറിയിലേക്ക് പ്രവേശനം അനുവദിക്കുന്നത്. ബഹു. അംഗങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു. ഇവിടെ പരാമർശിച്ച പേര് മാധ്യമങ്ങളോ ചാനലുകളോ ഒരുതരത്തിലും

പ്രസിദ്ധീകരിക്കരുത് എന്നുകൂടി ചെയർ റൂളിംഗ് നൽകുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെയുള്ള സുപ്രധാന തെളിവുകൾ ഉൾക്കൊള്ളുന്ന രണ്ട് കോംപാക്റ്റ് ഡിസ്കുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് അനുവദിക്കണമെന്ന് 02-12-2014-ലെ കത്തിലൂടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഭ്യർത്ഥിക്കുകയും കോംപാക്റ്റ് ഡിസ്കിന്റെ കോപ്പി ചെയറിന്റെ പരിശോധനയ്ക്കായി നിയമസഭാ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 6 (എ) പ്രകാരം ചെയറിന് നൽകുകയും ചെയ്തിരുന്നു. ചെയർ പ്രസ്തുത സിഡികൾ കണ്ടു. കൈരളി, ഏഷ്യാനെറ്റ്, മാതൃഭൂമി തുടങ്ങിയ ദൃശ്യ മാധ്യമങ്ങളിൽ ഈ വിഷയം സംബന്ധിച്ച് വന്ന വാർത്തകളും ചർച്ചകളും ഒളിക്യാമറ ദൃശ്യങ്ങളുമാണ് പ്രസ്തുത സിഡിയിലുള്ളത്. ഇതിനകംതന്നെ പുറത്തുവന്നതിൽ കൂടുതൽ രേഖകളൊന്നും പ്രസ്തുത സിഡിയിൽ ഇല്ലാത്ത സാഹചര്യത്തിൽ ഇത് മേശപ്പുറത്ത് വയ്ക്കുന്നതിന് ശ്രീ. കോടിയേരി ബാലകൃഷ്ണന് അനുമതി നിഷേധിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇലക്ട്രോണിക് മീഡിയയിൽ വരുന്ന കാര്യങ്ങൾ തെളിവായി സ്വീകരിച്ച് കേസെടുക്കാമെന്ന ഇൻഡ്യൻ എവിഡൻസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി

കറപ്ഷൻ ബ്യൂറോ കേസ്സെടുക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് ചെയർ മുമ്പാകെ സി.ഡി. ഹാജരാക്കിയത്. അത് മേശപ്പുറത്ത് വയ്ക്കാൻ അനുവദിച്ചില്ലെങ്കിൽ നിയമാനുസൃതമായ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ മുമ്പാകെയാണ് തെളിവുകൾ ഹാജരാക്കേണ്ടത്. മറ്റാർക്കും അത് സ്വീകരിക്കാൻ അനുവാദമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയറിന്റെ റൂളിംഗ് ചോദ്യം ചെയ്യുന്നതും അതുസംബന്ധിച്ച് ചർച്ച നടത്തുന്നതും ശരിയല്ല. എഫ്.ഐ.ആർ. എടുക്കുന്നതിന് ആധികാരിക രേഖയായി പ്രസ്തുത സി.ഡി. സ്വീകരിക്കണമെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെയാണ് ഹാജരാക്കേണ്ടത്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

"തീർത്ഥാടന ടൂറിസം സർക്യൂട്ട്" എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2014-ലെ കേരള മത്സ്യവിത്ത് ബിൽ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു): 2014-ലെ കേരള മത്സ്യവിത്ത് ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു: 2014-ലെ കേരള മത്സ്യവിത്ത് ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ.

<u>ബാലകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ബാബു</u>: സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് അനിയന്ത്രിതമായ ഉത്പാദനവും വിപണനവും നിയന്ത്രിച്ച് ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് നിയമപരിരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്ത് നിലവിലുള്ള 2010-ലെ കേരള ഉൾനാടൻ ഫിഷറീസ് അക്വാ കൾച്ചർ ആക്ടിലെ വ്യവസ്ഥകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ അപര്യാപ്തമായതിനാലാണ് ഈ ബിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചത്. ആന്ധ്രാപ്രദേശ്, ആസ്സാം എന്നീ സംസ്ഥാനങ്ങൾ പാസ്സാക്കിയ നിയമത്തിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനവും ഇത്തരത്തിലൊരു നിയമ നിർമ്മാണത്തിന് മുതിർന്നത്. 2014 ഫെബ്രുവരി 14-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ വിളംബരപ്പെടുത്തിയ ഓർഡിനൻസ് കഴിഞ്ഞ സഭാ സമ്മേളനത്തിൽ പാസ്സാക്കാൻ സാധിക്കാത്തതിനെ തുടർന്നാണ് ഈ സമ്മേളനത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് പ്രകാരം സംസ്ഥാനത്ത് ഒരു മത്സ്യവിത്ത് കേന്ദ്രവും എല്ലാ ജില്ലകളേയും ഉൾപ്പെടുത്തി റീജിയണൽ ഫിഷറീസ് സീഡ് സെന്ററുകളും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

റീജിയണൽ ഫിഷറീസ് ലബോറട്ടറികൾ രൂപീകരിക്കുന്നതിനും നിലവിലുള്ള ഏതെങ്കിലും സീഡ് ലബോറട്ടറിയെ ഫിഷ് സീഡ് ലബോറട്ടറിയായി പ്രഖ്യാപിക്കുന്നതിനും സീഡ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന്റെ തനത് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്ന ബിൽ നിയമമാക്കുന്നതിന് എല്ലാ അംഗങ്ങളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. ലതിക : I move that- " This House resolves to disapprove The Kerala Fish Seed Ordinance, 2014 (Ordinance No. 13 of 2014). അനിയന്ത്രിതമായി നടക്കുന്ന പാറഖനനവും മലിനീകരണവും സംസ്ഥാനത്തിന്റെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്നുവെന്ന് മാത്രമല്ല, ഉൾനാടൻ ജലാശയങ്ങളുടെ വിസ്തൃതി ക്രമാതീതമായി കുറഞ്ഞുവരികയുമാണ്. മുൻ സർക്കാരിന്റെ കാലത്ത് പാസ്സാക്കിയ നീർത്തട സംരക്ഷണ നിയമത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന തരത്തിൽ സർക്കാർ പുതിയ നിയമങ്ങൾ പാസ്സാക്കുന്നത് ജനജീവിതത്തെ ഗുരുതരമായി ബാധിക്കും. പ്രകൃതിയുടെ ആവാസ വ്യവസ്ഥയ്ക്കും സന്തുലിതാവസ്ഥയ്ക്കും വിഘാതം വരുത്തുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അശാസ്ത്രീയമായ രീതിയിലുള്ള

മത്സ്യബന്ധനംമൂലം പുഴകളിലും ജലാശയങ്ങളിലും ഉണ്ടാകുന്ന മത്സ്യ നശീകരണം തടയുന്നതിനാവശ്യമായ വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണം. നാട്ടിൻപുറങ്ങളിൽ യഥേഷ്ടം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മത്സ്യവിത്തുകൾ വിതരണം ചെയ്യുന്നതിനും ഇവ എത്രത്തോളം ഫലപ്രദമാകുന്നുവെന്ന് മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ സംവിധാനമേർപ്പെടുത്തണം. പുഴയോരങ്ങളിൽ നിന്നുള്ള മണൽവാരലിൽ നിയന്ത്രണം ഏർപ്പെടുത്തിയും കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിലും ഭക്ഷ്യസുരക്ഷയിലും മത്സ്യമേഖല വഹിക്കുന്ന പങ്ക് നിസ്തുലമാണ്. സംസ്ഥാനത്ത് 2013-14 വർഷത്തിൽ 4706 കോടി രൂപയുടെ മത്സ്യം കയറ്റുമതിചെയ്ത ഈ മേഖല ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. പരമ്പരാഗത ശൈലി നിലനിർത്തിക്കൊണ്ടും ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യവുമായ മത്സ്യവിത്ത് വിതരണത്തിനും ഇറക്കുമതി ചെയ്യുന്ന മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

കവർന്നെടുക്കുന്ന വ്യാജ മത്സ്യത്തൊഴിലാളികൾ, ടൂറിസം-റിയൽ എസ്റ്റേറ്റ് മാഫിയ പ്രവർത്തനങ്ങൾ, സി.ആർ.ഇസഡ് പോലുള്ള വിട്ടുവീഴ്ചയില്ലാത്ത നിയമ നിയന്ത്രണങ്ങൾ, മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തുടങ്ങിയവ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വെല്ലുവിളികളായി മാറിയിരിക്കുകയാണ്. ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് വിദേശകുത്തകകൾക്ക് കൊള്ളയടിക്കാനുള്ള അവസരം, അശാസ്ത്രീയമായ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതി, പാരമ്പര്യശൈലി മറന്നുകൊണ്ടുള്ള നിയമനിർമ്മാണങ്ങൾ എന്നിവ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയാണ്. ഹാച്ചറികൾ സ്ഥാപിച്ചും സംരക്ഷിച്ചും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാനാകുമെന്ന ബില്ലിലെ വ്യവസ്ഥ ഫലപ്രദമല്ല. നിലവിലുള്ള മത്സ്യസമ്പത്തും അനുബന്ധ മേഖലകളും സംരക്ഷിക്കുന്ന വിധത്തിലുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: 2014-ലെ കേരള മത്സ്യവിത്ത് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യവിത്തുകളുടെ ഉല്പാദനം, വിതരണം, കയറ്റുമതി, ഗുണനിലവാരം തുടങ്ങിയവയെ നിയന്ത്രിക്കുന്നതിനുള്ള

ഈ ബിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്ത് നിലവിലുള്ള ഹാച്ചറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നാടൻ മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഹാച്ചറികൾ ഉണ്ടാക്കുകയും ചെയ്യണം. അന്യംനിന്നുപോകുന്ന നാടൻ മത്സ്യങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയണം. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ചെമ്മീൻ കുഞ്ഞുങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ കൂടുതൽ ലാബുകൾ സജ്ജീകരിക്കണം. മത്സ്യത്തീറ്റ ഉണ്ടാക്കുന്ന ഫാക്ടറികൾ കൂടുതലായി നിർമ്മിക്കണം. ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യങ്ങൾ റിഫൈൻ ചെയ്ത് മത്സ്യക്കുഞ്ഞുങ്ങളുടെ തീറ്റയാക്കി ഉപയോഗിക്കാൻ കഴിയുന്ന സംവിധാനമുണ്ടാക്കണം. ചെമ്മീൻ കുഞ്ഞുങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ വൈറസ് ബാധിച്ച് അവ ചത്തുപോകുന്ന സ്ഥിതിയുണ്ടാകുന്നതിനാൽ ഒരു ഹെക്ടറിൽ എത്ര ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഇടാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതാണ്. ജലാശയങ്ങളെ മലിനപ്പെടുത്തുന്നത് തടഞ്ഞ് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയണം. ഈ ബിൽ മത്സ്യകൃഷിയെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും സഹായിക്കുന്നതിന് ഉതകുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: 2014-ലെ കേരള മത്സ്യവിത്ത് ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യക്കുഞ്ഞുങ്ങൾക്ക് വളരാൻ അനുയോജ്യമായ ജലാശയങ്ങൾ ഉണ്ടെങ്കിൽ മാത്രമേ മത്സ്യവിത്തുകൊണ്ട് പ്രയോജനമുള്ളൂ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കൊണ്ടുവന്ന കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ വിത്തുല്പാദനവുമായി ബന്ധപ്പെട്ട വകുപ്പിൽ ഭേദഗതി വരുത്തുന്നതിനുപകരം ഒരു പ്രത്യേക ബിൽ കൊണ്ടുവന്ന് പ്രസ്തുത ബില്ലിന്റെ സമഗ്ര സ്വഭാവം ഇല്ലാതാക്കിയിരിക്കുകയാണ്. ഉൾനാടൻ ജലാശയങ്ങൾ, മത്സ്യസമ്പത്ത്, വിത്തിന്റെ ലഭ്യത എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഫാക്ടറി മാലിന്യങ്ങളും രാസമാലിന്യങ്ങളും ട്രീറ്റ് ചെയ്യാതെ പുഴകളിലേയ്ക്ക് ഒഴുക്കിവിടുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രതിരോധിക്കാനാവശ്യമായ നടപടികളാണ് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ അവലംബിക്കേണ്ടിയിരുന്നത്. ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ജലാശയങ്ങളിലേയ്ക്ക് ശുദ്ധീകരിച്ച വെള്ളം മാത്രമേ ഒഴുകിവരുന്നുള്ളൂവെന്ന് ഉറപ്പുവരുത്താൻ കഴിയണം. റിവർ മാനേജ്മെന്റ് ഫണ്ട് അശാസ്ത്രീയമായി ചെലവഴിച്ച് പുഴകൾക്ക് ഭിത്തികെട്ടുന്ന പ്രവൃത്തിയിലൂടെ അവയുടെ സ്വാഭാവിക ജൈവവൈവിദ്ധ്യം നശിപ്പിക്കപ്പെടുകയാണ്. കണ്ടലുകൾ വച്ചുപിടിപ്പിച്ചും

ബയോ ഫെൻസിംഗ് ഏർപ്പെടുത്തിയുമാണ് പുഴയോരം സംരക്ഷിക്കപ്പെടേണ്ടത്. ഇന്നത്തെ പരിഷ്കൃത ജനാധിപത്യ വ്യവസ്ഥയിൽ നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുക മാത്രമല്ല പുതിയവ നിർമ്മിക്കുകയെന്നതും സുപ്രധാനമാണ്. കേരളത്തിലെ ജലാശയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലെ ന്യൂനതകൾ പരിഹരിക്കാതെയും സമഗ്രമായ കാഴ്ചപ്പാടില്ലാതെയും കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കില്ല. ജൈവ വൈവിദ്ധ്യം നശിപ്പിക്കുന്ന ആഫ്രിക്കൻ മുഷി പോലുള്ള നിരോധിച്ച മത്സ്യങ്ങൾ വളർത്തുന്നതിനെതിരെ ഗവൺമെന്റ് നടപടിയെടുക്കുന്നില്ല. സ്വകാര്യ ഹാച്ചറികൾ പ്രകൃതിദത്തമായ ജലാശയങ്ങളുമായി ബന്ധപ്പെടില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കണം. കേരളത്തിലെ ജലാശയങ്ങളെല്ലാം വിഷമയമായിരിക്കെ മത്സ്യവിത്ത് ഉല്പാദിപ്പിച്ചതുകൊണ്ടു മാത്രം മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഭേദഗതി വരുത്തിയതുകൊണ്ടുമാത്രം ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കാൻ സാധിക്കില്ല. സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന ഗുണനിലവാരമില്ലാത്ത വിത്തുപയോഗിച്ചുള്ള മത്സ്യകൃഷിമൂലം കർഷകർക്ക്

നഷ്ടമുണ്ടാകുന്ന സാഹചര്യത്തിലും ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനുവേണ്ടി മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതും ബിൽ കുറ്റമറ്റതാക്കുന്നതിനുവേണ്ടി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള മത്സ്യവിത്ത് ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഷിബു ബേബി ജോൺ: 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബി ജോൺ: സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വാണിജ്യ സ്ഥാപനങ്ങളിൽ നടക്കുന്ന നിയമ ലംഘനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം മാറുകയും മൂലനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്യാത്തതു കൊണ്ടുമാണ് ഈ ഭേദഗതി ബിൽ

കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയിലൂടെ നിയമലംഘനം നടത്തുന്നതിന് ചുമത്തുന്ന പിഴ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനാണ് പ്രധാന ആക്ടിൽ ഭേദഗതി വരുത്തിയിരിക്കുന്നത്. വലിയ വാണിജ്യ സ്ഥാപനങ്ങളിൽ ഹോസ്റ്റൽ, വിശ്രമ മുറി, ക്രഷ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് റൂളിൽ നിഷ്കർഷിക്കുന്നുണ്ട്. തൊഴിലാളികൾ 55 കിലോഗ്രാമിൽ കൂടുതൽ ഭാരമുള്ള പെട്ടികൾ ഇറക്കാൻ പാടില്ലെന്ന ഐ.എൽ.ഒ. കൺവെൻഷൻ നിർദ്ദേശവും ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളി സമൂഹത്തിന് ഉപകാരപ്രദമാകുമെന്ന ഉദ്ദേശത്തിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: I move that " This House resolves to disapprove The Kerala Shops and Commercial Establishments(Amendment) Ordinance,2014 (Ordinance No.20 of 2014)" സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ നിയമന ഉത്തരവ് നൽകാതിരിക്കുക, സർവ്വീസ് സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കുക, ആനുകൂല്യങ്ങൾക്ക് ക്രമീകരണമില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ജോലി സമയം ക്രമീകരിക്കുന്നതിനും

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം. തൊഴിൽ നിയമ ഭേദഗതികൾ തൊഴിലുടമകളെ സഹായിക്കുന്നതാകരുത്. ബില്ലിലെ 34 (1)-ൽ "ആരോഗ്യം "എന്ന വാക്കിന് ശേഷം "ശുചീകരണം "എന്ന വാക്കിന്റെകൂടെ "ചികിത്സ" എന്ന വാക്കുകൂടി ചേർക്കണം. ഇത് തൊഴിലാളികൾക്ക് ഗുണകരമായ ഭേദഗതിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: പ്രമേയത്തെ പിന്താങ്ങുന്നു. ലക്ഷക്കണക്കിന് ആളുകൾ പണിയെടുക്കുന്ന അസംഘടിത മേഖലയാണ് കടകളും വാണിജ്യസ്ഥാപനങ്ങളും. തൊഴിലാളികളിൽ ഭൂരിപക്ഷംപേരും സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ കണക്കുകളിൽപ്പെടാത്തവരാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളായതുകൊണ്ടുതന്നെ വളരെയേറെ ചൂഷണം നടക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന സേവന വേതന വ്യവസ്ഥകളൊന്നും ഈ രംഗത്ത് പാലിക്കപ്പെടുന്നില്ല. തൊഴിൽ സുരക്ഷിതത്വമില്ല. 10 മുതൽ 12 മണിക്കൂർ ജോലി ചെയ്യുന്ന ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളോ ലഭ്യമല്ല. ട്രേഡ് യൂണിയനുകൾക്ക് കടന്നുചെല്ലാൻ കഴിയാത്ത വിധം തൊഴിലുടമയുടെ നിയമങ്ങളിൽ ബന്ധനസ്ഥരാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾ. സ്ത്രീകൾ

വലിയ തോതിൽ ലൈംഗിക ചൂഷണം നേരിടുന്നു. പകൽ സമയം നിന്നുമാത്രം ജോലി ചെയ്യുന്ന ആളുകളുടെ ഇരിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരം അധികാരികൾ കണ്ടില്ലെന്ന് നടിച്ചു. സ്ഥാപനങ്ങൾക്ക് ജോലിക്കാരെ നൽകുന്ന എംപ്ലോയ്മെന്റ് സ്ഥാപനങ്ങളുടെ ചൂഷണവും സംഘടിത ട്രേഡ് യൂണിയനുകളുടെ അഭാവവും തൊഴിലുടമകളുടെ സാമ്പത്തിക സ്വാധീനവും മൂലം യാതൊരു ആനുകൂല്യവും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. തൊഴിൽ വകുപ്പ് നോക്കുകുത്തിയായിരിക്കുകയാണ്. ഭേദഗതി നിർദ്ദേശങ്ങൾ പലതും അംഗീകരിക്കാൻ കഴിയുകയില്ല. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാകുംവിധം നിയമത്തിൽ മാറ്റം കൊണ്ടുവരണം. നിയമലംഘനത്തിന് ഈടാക്കുന്ന പിഴ തുക ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കണം. ബില്ലിലെ ഭേദഗതികൾ സമഗ്രവും കാര്യക്ഷമവുമാകുന്നതിന് വിശദമായ ചർച്ചകൾ ആവശ്യമാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1960-ൽ കേരളത്തിൽ നിലവിൽ വന്ന കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൽ നിന്ന് വ്യത്യസ്തമായി ജീവനക്കാരുടെ

സേവന-വേതന-നിയമന വ്യവസ്ഥകളിൽ കാതലായ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചത്. ഒരു വാണിജ്യ സ്ഥാപനത്തിന് ആവശ്യമായ ശുചിത്വത്തെ സംബന്ധിച്ച വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെട്ടിക്കടകളേയും ഷോപ്പിംഗ് മാളുകളേയും ഐ.ടി. കമ്പനികളേയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ തൊഴിലാളികളെ നിയമിക്കുമ്പോൾ നിയമന ഉത്തരവും തൊഴിലിൽനിന്ന് പിരിയുമ്പോൾ സർവ്വീസ് സർട്ടിഫിക്കറ്റും നൽകുന്നതിന് തൊഴിലുടമ നിർബന്ധിതനാകും. 50-ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വ്യവസ്ഥകൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലൂടെ തൊഴിലുടമകളുടെ പിഴ ശിക്ഷയുടെ തോത് കാലോചിതമായി പരിഷ്കരിക്കുന്നതിനും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താനും സാധിക്കും. ജോലിക്കാരുടെ ജോലി സമയം, വിശ്രമ സമയം, സ്ഥാപനം തുറക്കുന്നതിനും അടയ്ക്കുന്നതിനുമുള്ള സമയം അവധി വേതനം, വീക്ക്‌ലി ഓഫ് തുടങ്ങിയ വ്യവസ്ഥകളിൽ

ലംഘനമുണ്ടായാൽ പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1960-ലെ 'കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും' എന്ന നിയമത്തിന്റെ ചില ഭേദഗതികളാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. ഐ.ടി. രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഒരു കാറ്റഗറി കൂടി ഈ ബില്ലിൽ കൂട്ടിച്ചേർക്കേണ്ടതായിരുന്നു. കേരളത്തിലെ മാറിയ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് വാണിജ്യ മേഖലയിൽ പഠനം നടത്തേണ്ടതുണ്ട്. വ്യത്യസ്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ ക്ഷേമവും തൊഴിലുറപ്പും ഈ സമഗ്ര നിയമത്തിൽ കൊണ്ടുവരേണ്ടതായിരുന്നു. നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർ അതിൽ നിന്നും വ്യതിചലിക്കുന്ന സാഹചര്യം ഒഴിവാക്കണം. തൊഴിൽ രംഗത്ത് ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് പഴുതുകളടച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ

പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഇപ്പോൾ നടക്കുന്നില്ല. എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളി യൂണിയനുകളെ വിശ്വാസത്തിലെടുത്തുകൊണ്ട് തൊഴിൽ രംഗം സംശുദ്ധമാക്കാനും പാസ്സാക്കുന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുമുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആഭരണ-ഇലക്ട്രോണിക്സ്-സുഗന്ധവ്യഞ്ജന-ഹോട്ടൽ വ്യാപാര രംഗങ്ങളിലുൾപ്പടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട നിലയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് 40 തൊഴിലാളികളിൽത്താഴെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുകയാണ്. ഇവിടെ 20 തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെ തൊഴിൽ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മൂലനിയമം തെറ്റാണെങ്കിൽ അതിനെതിരെ ശക്തമായി പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സബ്ജക്ട്

കമ്മിറ്റിയിൽ വരുന്ന ഇഫക്ടീവായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ അസംഘടിത മേഖലയിൽ വ്യാപകമായ നീതിനിഷേധവും തൊഴിൽ നിയമങ്ങളുടെ ലംഘനവും നടക്കുകയാണ്. തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിൽ ട്രേഡ് യൂണിയനുകളും അവരുടേതായ ഉത്തരവാദിത്വം നിറവേറ്റാൻ സന്നദ്ധമാകണം. ഐ.ടി. മേഖലയെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഐ.ടി. മേഖലയിലെ നിയമലംഘനത്തിനെതിരെയും ഐ.റ്റി. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലാളി വിരുദ്ധ സമീപനങ്ങൾ രാജ്യത്തെ തൊഴിലാളി സമൂഹത്തിന് ഗുണകരമല്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.05-ന് പിരിഞ്ഞു.

* * * * * * * * * *